LIBRARY ASSEMBLY KERALA NIYAMASABHA

കേരള അഗ്രോ ഫ്രൂട്ട്സ് പ്രോഡക്ട്സിന്റെ വികസനം

263 (1235) ശ്രീ. എ. എ. അസീസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ കീഴിലുള്ള കേരള അഗ്രോ ഫ്രൂട്ട്സ് പ്രോഡക്ട്സ്, പുനലൂർ പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ടോ ;

(ബി) എന്നാണ് പ്രവർത്തനം പുനരാരംഭിച്ചത് ; എത്ര രൂപയാണ് സംസ്ഥാന സർക്കാർ മൂലധനമായി അനുവദിച്ചത് ;

(സി) പ്രസ്തുത സ്ഥാപനത്തിൽ നിന്നും എന്തൊക്കെ പ്രോഡക്ട്സ് ആണ് വിപണിയിൽ എത്തിച്ചിട്ടുള്ളത് ;

(ഡി) പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിനായി പുതിയ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പ്രവർത്തനം പുനരാരംഭിച്ചിട്ടുണ്ട്.

(ബി) 12-5-2010-ൽ തുറന്ന് പ്രവർത്തനം ആരംഭിച്ചു. സംസ്ഥാന സർക്കാർ പുതുതായി മൂലധനം അനുവദിച്ചിട്ടില്ല.

(സി) മാങ്കോ ഡ്രിങ്ക്, വിവിധതരം അച്ചാറുകൾ, ജാമുകൾ, ഫ്രൂട്ട് സിറപ്പ്, നാളികേര ചിപ്സ്, അഗ്മാർക്ക് ചെയ്ത തേനും തേനുൽപ്പന്നങ്ങളും.

(ഡി) RKVY പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു കോടി പത്തു ലക്ഷം രൂപ ചെലവിൽ ഒരു മണിക്കൂറിൽ ആയിരം ലിറ്റർ ജ്യൂസ് പെറ്റ് ബോട്ടിൽ ചെയ്യുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിലാണ്. കൂടാതെ ഹോർട്ടികൾച്ചർ മിഷന്റെ സഹായത്തോടെ ഹോർട്ടികൾച്ചർ നഴ്സറി ആരംഭിക്കുവാനുള്ള അംഗീകാരവും ലഭിച്ചിട്ടുണ്ട്.

കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷന്റെ അവസ്ഥ

264 (1236) ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോക്കനട്ട് ഡവലപ്മെന്റ് കോർപ്പറേഷന്റെ ഇപ്പോഴത്തെ അവസ്ഥ വിശദമാക്കുമോ ;

(ബി) ഇതിന്റെ കീഴിൽ എത്ര തൊഴിലാളികൾ പ്രവർത്തിച്ചിരുന്നു ; എത്ര ഫാക്ടറികൾ ഉണ്ടായിരുന്നു എന്നിവ വെളിപ്പെടുത്തുമോ ;

(സി) ഇതിന്റെ പ്രവർത്തനം പുനരുജ്ജീവിപ്പിക്കാനുള്ള പദ്ധതികൾ എന്തെങ്കിലും പരിഗണനയിലുണ്ടോ ; വിശദമാക്കുമോ ;

(ഡി) കോർപ്പറേഷന്റെ വസ്തുവകകൾ എവിടെയെല്ലാമാണുള്ളത് ; അവയുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വിശദമാക്കുമോ ?